പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3876

23.08.2017 ൽ മറുപടിക്ക്

**ക്ഷേത്രസ്ഥാനികരുടെ വേതനം**

ചോദ്യം

ശ്രീ. എൻ .എ.നെല്ലിക്കുന്ന്

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) കേരളത്തിൽ എത്ര ക്ഷേത്ര സ്ഥാനികരുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(എ) മലബാർ ദേവസ്വം ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട ക്ഷേത്രസ്ഥാനികരുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | പ്രതിമാസ ധനസഹായം കൈപ്പറ്റുന്ന ആചാരസ്ഥാനികരുടെ എണ്ണം |
|---|---|---|
| 1 | കോഴിക്കോട് | 83 |
| 2 | വയനാട് | 2 |
| 3 | കണ്ണൂർ | 1069 |
| 4 | കാസർഗോഡ് | 716 |
| | ആകെ | 1870 |

(ബി) പ്രസ്തുത സ്ഥാനികർക്ക് ഇപ്പോൾ നൽകുന്ന വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ആചാരസ്ഥാനീയർക്ക് നിലവിൽ നൽകിവരുന്ന പ്രതിമാസ ധനസഹായം 800/- രൂപ വീതമാണ്.

(സി) എത്രകാലമായിട്ടാണ് ഇതേ വേതനം നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രതിമാസ ധനസഹായ പദ്ധതി ആരംഭിച്ച 2010 ആഗസ്റ്റ് മുതൽ ഇതേ നിരക്കിലാണ് ധനസഹായം നൽകി വരുന്നത്.

(ഡി) ഈ വേതനം സ്ഥാനികരുടെ നിത്യ ചെലവിനു പോലും മതിയാകില്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ഇ) എങ്കിൽ വേതനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കാമോ;

(ഇ) നിലവിലുള്ള തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല

(എഫ്) ക്ഷേത്രസ്ഥാനികരായി അംഗീകാരം ലഭിക്കുന്നതിനായി അപേക്ഷ നൽകിയ എത്ര പേരുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ജി) ഈ അപേക്ഷകളിന്മേൽ എപ്പോൾ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

( എഫ് & ജി )

ക്ഷേത്ര സ്ഥാനീയരായി മലബാർ ദേവസ്വം ബോർഡിൽ നിന്നുള്ള പ്രതിമാസ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | അപേക്ഷ സമർപ്പിച്ച ആചാരസ്ഥാനികരുടെ എണ്ണം |
|---|---|---|
| 1 | കോഴിക്കോട് | 167 |
| 2 | വയനാട് | 0 |
| 3 | കണ്ണൂർ | 805 |
| 4 | കാസർഗോഡ് | 685 |
| | ആകെ | 1657 |

മേൽ പറഞ്ഞ അപേക്ഷകൾ മലബാർ ദേവസ്വം ബോർഡ് പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ